DEPARTMENT OF AGRICULTURE

# FARM INFORMATION BUREAU

FARM NEWS

16-10-2018

## കാർഷികമേഖലാവാർത്തകൾ

## കൂൺ കൃഷി പരിശീലനം

തിരുവല്ല അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ബോധനയുടെ കാർഷിക വിഭാഗത്തോടനുബന്ധിച്ചുള്ള കൂൺ കൃഷി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താല്പര്യമുള്ള കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ദിവസത്തെ കൂൺ കൃഷി പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. 2018 ഒക്ടോബർ 29 തിങ്കൾ രാവിലെ 10 മണി മുതൽ വൈകിട്ട് 4.30 വരെ ബോധന കേന്ദ്ര ഓഫീസിനോടനുബന്ധിച്ചുള്ള പരിശീലന കേന്ദ്രത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പരിശീലനത്തിൽ വിവിധയിനം കൂണുകളും അവയുടെ കൃഷിരീതികളും സംബന്ധിച്ച വിശദമായ ക്ലാസ്സുകൾ സംഘടിപ്പിക്കും. നല്ലയിനം കൂൺ വിത്തുകളും ബോധനയിൽ നിന്നും ലഭ്യമാണ്. ട്രെയിനിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ തിരുവല്ല പുഷ്പഗിരി റോഡിലുള്ള ബോധന കേന്ദ്ര ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രരജിസ്ട്രേഷൻ ഫീസ് 200 രൂപ. കൂടുതൽ വിവരങ്ങൾക്ക് ബോധന, പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട. കൂടുതൽ വിവരങ്ങൾക്ക് 0469-2606063, 9446009688 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പുനർജ്ജനി – പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും ദ്വിദിന കർമ്മപരിപാടി സംസ്ഥാനതല ഉദ്ഘാടനം

കേരളം നേരിട്ട ഏറ്റവും വലിയ പ്രളയക്കെടുതിയിൽ നിന്നും കരകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ സമീപനത്തിലൂടെ കാർഷിക മേഖലയുടെ പുനസൃഷ്ടി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക പുനരുദ്ധാരണവും സന്നദ്ധസേവനവും നടത്തുന്നതിന് കൃഷി വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി പ്രളയ ദുരന്തം തീവ്രമായി ബാധിച്ച ചെങ്ങന്നൂർ മണ്ഡലത്തിൽ കാർഷിക സർവ്വകലാശാല വിദഗ്ദ്ധർ, ആലപ്പുഴ ജില്ലയിലെ മുഴുവൻ കൃഷി ഉദ്യോഗസ്ഥർ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, കസ്റ്റം ഹയറിംഗ് സെന്റർ, ഗ്രീൻ ആർമി, മണ്ണു പരിശോധനാ കേന്ദ്രം, എം.എൻ. ആർ.ഇ.ജി.എസ്, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സംസ്ഥാനതല പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇന്നലെ തുടക്കമിട്ടു. തുടർന്ന് ഇന്ന് വെണ്മണി ഗ്രാമപഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ മാതൃകാ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പദ്ധതിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

## അറിയിപ്പ്

ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ വിവിധ ഇനങ്ങളിലുള്ള തൈകൾ ലഭ്യമാണ്. ആകാശ വെള്ളരിയുടെ തൈകൾക്ക് 25 രൂപ, കരിമുണ്ട

ഇനത്തിലുള്ള കുരുമുളക് വള്ളികൾക്ക് 8 രൂപ, ഗ്രോബാഗിലുള്ള കുറ്റികുരുമുളക് തൈകൾക്ക് 150 രൂപ, മംഗള അടയ്ക്ക തൈകൾക്ക് 20 രൂപ, കറിവേപ്പില തൈകൾക്ക് 15 രൂപ എന്നീ നിരക്കുകളിൽ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2530035 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

പത്തനംതിട്ട ജില്ലയിലെ നിരണം ഡക്ക് ഫാമിൽ താറാവിൻ വളം ഒരു കിലോഗ്രാമിന് 1 രൂപ 50 പൈസ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0469-2711898 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.